## III. ശ്രദ്ധക്ഷണിക്കൽ

കേന്ദ്രസർക്കാരിന്റെ നയങ്ങൾമൂലം വ്യാപാരമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. കെ. ആൻസലൻ: സർ, കേരളത്തിലെ പതിനാല് ലക്ഷത്തിലധികം ചെറുകിട-ഇടത്തരം വ്യാപാര മേഖലകളിൽ പണിയെടുക്കുന്ന ഏകദേശം അമ്പത് ലക്ഷത്തോളം ആളുകളുടെ ജീവിതവുമായി ബന്ധപ്പെട്ട കാര്യമാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. 2012-ൽ മൻമോഹൻ സിങ് സർക്കാരാണ് ഇടത്തരം-ചെറുകിട വ്യാപാര മേഖലയിൽ വിദേശ നിക്ഷേപം കൊണ്ടുവന്നത്. ചില കേന്ദ്രസർക്കാർ നയങ്ങൾമൂലം വ്യാപാര മേഖലയിൽ ഇന്ന് ചെറുകിട-ഇടത്തരം വ്യാപാരങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ഓൺലൈൻ വ്യാപാരം കച്ചവടത്തെ ഗുരുതരമായി ബാധിക്കുന്നുണ്ട്. വാടക കരാർ പുതുക്കി നിശ്ചയിക്കാത്തതുകൊണ്ടുതന്നെ കരാറുകാരായ വാടകക്കാർ പലപ്പോഴും ഒഴിപ്പിക്കൽ ഭീഷണി നേരിടുന്നു. വാടകയുമായും ജി.എസ്.ടി. ഈടാക്കുന്നതുമായും ബന്ധപ്പെട്ട് തുക അടയ്ക്കാൻ വ്യാപാരികൾ നിർബന്ധിതരാകുന്ന അവസ്ഥയുമുണ്ട്. സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ അനുഭാവപൂർവമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച 2024-25 ബജറ്റിൽ രാജ്യത്ത് ആദ്യമായി നമ്മുടെ സംസ്ഥാനത്ത് ഒരു വ്യാപാര നയം രൂപീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിക്കുകയും അതനുസരിച്ചുള്ള നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. മറ്റ് മേഖലകളിൽ എം.എസ്.എം.ഇ. യൂണിറ്റുകൾക്ക് നൽകുന്നതുപോലെ വൈദ്യുതി താരിഫിൽ ചെറുകിട-ഇടത്തരം വ്യാപാര മേഖലയിൽ ഇളവ് അനുവദിക്കാൻ ഇടപെടണമെന്ന് ഈ ശ്രദ്ധക്ഷണിക്കലിലൂടെ അഭ്യർഥിക്കുകയാണ്. അനാവശ്യവും മനുഷ്യത്വരഹിതവുമായ ജി.എസ്.ടി. പരിശോധന പൂർണമായും ഒഴിവാക്കുന്നതിനുവേണ്ടി സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടലുണ്ടാകണം. വ്യാപാരം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി വ്യാപാര സംഘടനകളും വ്യാപാര ക്ഷേമനിധി ബോർഡുകളുമായി സഹകരിച്ച് ട്രേഡ് ഫെസ്റ്റുകൾ സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. സ്കൂളുകളിലെ അനധികൃതവും രജിസ്ട്രേഷൻ ചെയ്യാത്തതുമായ എല്ലാ വ്യാപാരങ്ങളും നിയന്ത്രണത്തിന് വിധേയമാക്കണം. വ്യാപാരി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആകർഷകമായിട്ടുള്ള ആനുകൂല്യങ്ങൾ

പ്രഖ്യാപിക്കുന്നതിനും സർക്കാർ ഇടപെടണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വ്യാപാര ലൈസൻസുകൾ സുഗമമായി ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനം പരിഷ്കരിച്ച് നടപ്പാക്കണം. വ്യാപാര ലൈസൻസിന്റെ കാലാവധി ആവശ്യക്കാർക്ക് അഞ്ച് വർഷമായി പുനഃക്രമീകരിക്കണം. സർക്കാർ/അർധസർക്കാർ സ്ഥാപനങ്ങളിലെ കെട്ടിടങ്ങൾ വാടകയ്ക്കെടുക്കുന്നവർക്ക് പ്രസ്തുത കെട്ടിടങ്ങൾ നിബന്ധനകൾക്ക് വിധേയമായി കൈമാറാനുള്ള നിയമസാധ്യത ഉറപ്പുവരുത്തണം. വ്യാപാര മേഖലയിലെ വിവിധ ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ ഗ്രീവൻസ് സെല്ലുകൾ രൂപീകരിച്ച് ഫലപ്രദമായി ഇടപെടണം. ഇത്തരത്തിലുള്ള നിരവധി വിഷയങ്ങൾ വ്യാപാര മേഖലയിലുണ്ട്. കേരളത്തിലെ വ്യാപാര മേഖലയിലെ ഓരോ കച്ചവടക്കാരും അവരെ ആശ്രയിക്കുന്ന കുടുംബത്തിന്റെ എല്ലാ പ്രശ്നങ്ങളും ചെറുതും വലുതുമായ വ്യാപാര മേഖലയിലെ വരുമാനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ സർക്കാർ കാര്യക്ഷമമായി ഇടപെടാൻ ശ്രമിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ

വർഷംതന്നെ രണ്ട് വ്യത്യസ്ത മീറ്റിങ്ങുകൾ ചേർന്ന് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയുള്ള കാര്യമായ ഇടപെടൽ നടത്തിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ പ്രത്യേകമായി മീറ്റിങ്ങുകൾ വിളിച്ചുചേർത്ത് വ്യാപാര മേഖലയിലെ ചെറുതും വലുതുമായ പ്രശ്നങ്ങൾക്ക് കൃത്യമായ ഇടപെടൽ നടത്തി സർക്കാരിന്റെ ഭാഗത്തുനിന്ന് പരിരക്ഷ ലഭിക്കുമെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉറപ്പുനൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ വ്യാപാര മേഖലയിലെ എല്ലാ വിഷയങ്ങളിലും സർക്കാരിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. വ്യാപാര മേഖലയിലെ ഒട്ടനവധി നയങ്ങൾ, കേന്ദ്രസർക്കാരിന്റെ പ്രത്യേകമായ ചില നിലപാടുകൾ എന്നിവ ചെറുകിട-ഇടത്തരം വ്യാപാര മേഖലയെ വലിയ തോതിൽ പ്രയാസപ്പെടുത്തുന്നുണ്ട്. നിലവിൽ സ്റ്റാർട്ടപ്പ് മിഷനടക്കം ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റ് അടക്കം നടത്തി കേരളത്തിന്റെ വ്യാപാര മേഖലയ്ക്ക് കൂടുതൽ ഗുണകരമാകുന്ന രൂപത്തിൽ കൂടുതൽ നിക്ഷേപം സ്വീകരിക്കുന്ന തരത്തിൽ സർക്കാർ മുന്നോട്ട് പോകുകയാണ്. കേരളത്തിലെ അമ്പത് ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന

പതിനാല് ലക്ഷത്തിലധികം വരുന്ന ചെറുകിട-ഇടത്തരം വ്യാപാര മേഖലകളെയും ചെറുകിട സംരംഭങ്ങളേയും നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും ആവശ്യമായ പ്രത്യേക പാക്കേജുകളും ഇടപെടലുകളും സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് ബഹുമാനപ്പെട്ട സർക്കാരിനോട് വിനീതമായി ആവശ്യപ്പെടാനുള്ളത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വളരെ പ്രസക്തമായ കാര്യങ്ങൾക്കാണ് ബഹുമാന്യനായ അംഗം സഭയുടെ ശ്രദ്ധ ക്ഷണിച്ചിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലം ചെറുകിട വ്യാപാര മേഖല പൊതുവെ പ്രതിസന്ധി നേരിടുന്നുണ്ട്. അത് മനസ്സിലാക്കി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. വാണിജ്യ മേഖലകളിലെ സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുകയെന്ന നിലയിൽ വ്യവസായ വകുപ്പിനുകീഴിൽ വാണിജ്യത്തിനായി പ്രത്യേക ഡിവിഷൻ രൂപീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ കൊമേഴ്സ് മിഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. 2021-ലെ വ്യവസായ നയം ചില്ലറ വ്യാപാര മേഖലയെ മുൻഗണന മേഖലകളിലായി പരിഗണിച്ചിട്ടുണ്ട്.

വ്യാപാരികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി, ഇപ്പോൾ എം.എസ്.എം.ഇ.-കളുടെ പുതിയ ഇൻഷ്വറൻസ് പദ്ധതിയിൽ വ്യാപാരികളെക്കൂടി സർക്കാർ ഉൾപ്പെടുത്തിയിട്ടുണ്ട്. 5,000 രൂപ വരെയുള്ള ഇൻസെന്റീവ് പ്രീമിയത്തിന് 50 ശതമാനം സർക്കാർ അടയ്ക്കുന്ന പദ്ധതിയാണ് നടപ്പാക്കികൊണ്ടിരിക്കുന്നത്. ബാങ്കുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉൾപ്പെടെ അവർ ഉന്നയിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ചൂണ്ടികാണിച്ചതുപോലെ സംഘടനകളുമായി രണ്ടുതവണ ചർച്ച ചെയ്തിരുന്നു. ബാങ്കുകളുമായി യോഗം വിളിച്ചുചേർക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ഇതുകൂടാതെ പത്തുലക്ഷം രൂപ വരെയുള്ള വായ്പകളാണെങ്കിൽ അഞ്ചുവർഷത്തേയ്ക്ക് ആറ് ശതമാനം പലിശ സബ്സിഡി നൽകുന്ന സ്കീം വ്യാപാരമേഖലയ്ക്കുകൂടി ബാധകമാക്കിയിട്ടുണ്ട്. എൽ.എസ്.ജി.-യുമായി ബന്ധപ്പെട്ടും ജി.എസ്.ടി.-യുമായി ബന്ധപ്പെട്ടുമുള്ള കാര്യങ്ങൾ അതത് വകുപ്പുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൂന്ന് മേഖലകളിലായി കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് യോഗം വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ജി.എസ്.ടി. റിട്ടേൺ അടയ്ക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാജില്ലയിലും ജി.എസ്.ടി. ഹെൽപ്പ് ഡെസ്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ജി.എസ്.ടി. വന്നതിനുശേഷം സംസ്ഥാനത്തിന് ചില പരിമിതികളുണ്ട്. പുതുതായി നമുക്ക് നികുതി കുറയ്ക്കാൻ സംസ്ഥാനത്തിന് അധികാരം ഇല്ലാത്ത സാഹചര്യമുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ട് മൂന്നുതല മേഖല യോഗങ്ങളിലും വിശദമായി ഇക്കാര്യം വീണ്ടും ചർച്ച ചെയ്യാവുന്നതാണ്.

ശ്രീ. കെ. ആൻസലൻ: സർ, വാടകക്കാരായ കച്ചവടക്കാർ പലപ്പോഴും ഒഴിപ്പിക്കൽ നടപടിക്ക് വിധേയമാകുന്നുണ്ട് എന്നതാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. വാടക കരാർ കേന്ദ്ര മൂലനിയമത്തിന്റെ ഭാഗമായി വരുന്നതാണ്. സംസ്ഥാനം പ്രത്യേകമായിട്ടുള്ള നിയമം പരിഷ്കരിച്ചുകൊണ്ട് വാടകക്കാരെ സംരക്ഷിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. പി. രാജീവ്: സർ, നിയമനിർമ്മാണത്തെക്കുറിച്ചും വ്യാപാര സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ട്. സർക്കാർ അക്കാര്യം പരിശോധിക്കുന്നതാണ്.

(നോട്ടീസ് നൽകിയിരുന്ന അംഗം ശ്രീ. എൻ. ഷംസുദ്ദീൻ സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)